(എ) സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പ്രവർത്തനമാരംഭിച്ചത് എന്നു മുതലാണ്;

(ബി ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം എന്തെല്ലാമാണ്;

(സി) ഈ സ്ഥാപനത്തിൽ നിന്നും ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്കുള്ള തൊഴിൽ സാദ്ധ്യതകൾ വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സ് വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) 1956 മുതൽ

(ബി) ഇത് ഒരു സ്ഥാപനമല്ല. ഇത് സംസ്ഥാന തലത്തിലുള്ള ഒരു ഉപദേശക സമിതിയാണ്. കേന്ദ്ര സർക്കാർ തലത്തിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് എടുക്കുന്ന തീരുമാനങ്ങളും സംസ്ഥാന സർക്കാരിന്റെ ട്രെയിനിംഗ് പ്രോഗ്രാമിൽ ഏകോപിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ പരിധിയിൽ വരാത്ത പുതിയ കോഴ്സുകൾ തുടങ്ങാനും പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകാനും കൗൺസിലിന് ചുമതലയുണ്ട്. (കൂടുതൽ വിവരങ്ങൾ അനുബന്ധമായി† ചേർത്തിരിക്കുന്നു.

(സി) ഇത് ഒരു സ്ഥാപനമല്ല. ഒരു ഉപദേശക സമിതിയാണ്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം

24 (*643)ശ്രീമതി രാധാ രാഘവൻ :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം നല്കാനുള്ള പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നല്കാൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) നടപ്പാക്കി വരുന്നു. രണ്ടായിരാമാണ്ടോടുകൂടി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പരിമിതമായ തോതിലെങ്കിലും ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടിയുള്ള ഒരു ബൃഹത്പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് കേരളാ ജല അതോറിട്ടി, തദ്ദേശസ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്തസംരംഭമായി 1998-99, 1999-2000, 2000-2001 എന്നീ വർഷങ്ങളിലായി നടപ്പിൽ വരുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഉണ്ട്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കമ്മിറ്റി ഒരു ഇടക്കാല റിപ്പോർട്ടും, ഒരു അവസാന റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ഡി) അനുബന്ധം I-ൽ† ചേർത്തിട്ടുണ്ട്.

(ഇ) റിപ്പോർട്ടിൽ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കുട്ടനാട്ടിലെ തൊഴിലാളികളുടെ കൂലി

25 (*644)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ നെൽക്കൃഷിയിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ കൂലി നിർണ്ണയിച്ചിട്ടുണ്ടോ;

(ബി എങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ;

(സി) ഈ കൂലി എന്ന് നിശ്ചയിച്ചതാണ്;

(ഡി) പ്രസ്തുത കൂലിയ്ക്ക് തൊഴിലാളികളെ ലഭ്യമാണോ;

(ഇ) കുട്ടനാട്ടിലെ കൃഷിപ്പണിയ്ക്ക് ഇപ്പോഴും തൊഴിലാളികളെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് എപ്രകാരം പരിഹരിക്കാമെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) നിലമൊരുക്കൽ, ഞാറു നടീൽ, കള പറിക്കൽ എന്നീ തൊഴിലുകൾ ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിദിനം 60 രൂപയും വരമ്പു കുത്ത്, തുമ്പ പണി എന്നിവ ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിദിനം 110 രൂപയും കൂലി നിശ്ചയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞതൊഴികെയുള്ള തൊഴിലുകൾക്ക് അതതു പ്രദേശങ്ങളിൽ നിലവിലുള്ള കൂലിയുടെ 10% വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) കുട്ടനാട് കാർഷിക മേഖല, വ്യവസായ ബന്ധസമിതിയുടെ 22.10.98 ൽ നടന്ന യോഗത്തിൽ ഈ കൂലി നിശ്ചയിച്ചത്.

(ഡി)-(എഫ്) തൊഴിലാളി ദൗർലഭ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ പരിഹാരമാർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല.

സോഷ്യൽ ആക്ടിവിസ്റ്റുകളുടെ പ്രവർത്തനം

26 (*645)ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. വെങ്ങാനൂർ പി ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly